**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **01-09-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയുന്നതിനുമായി യു. ജി. തലത്തിലും പി.ജി. തലത്തിലും കൂടുതൽ സർക്കാർ/ സ്വകാര്യ കോളേജുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ബന്ധപ്പെട്ട കൗൺസിലുകൾ/ സർവ്വകലാശാലകൾ/ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് മുതലായവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൂർണ രീതിയിൽ പ്രവർത്തന സജ്ജമാണെന്ന് റിപ്പോർട്ട് ലഭ്യമാകുന്ന സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിൽ കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകി വരുന്നുണ്ട്.മേൽ പരാമർശിത സ്ഥാപനങ്ങളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം സ്വാശ്രയ കോളേജുകളിൽ സീറ്റ് വർദ്ധനവിനുള്ള അനുമതിയും നൽകി വരുന്നുണ്ട്.കൂടാതെ സർക്കാർ മേഖലയിലെ MBBS, PG കോഴ്സുകൾക്കും സീറ്റ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ മേഖലയിൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിനു ഈ അധ്യയന വർഷം 100 എം.ബി.ബി.എസ് സീറ്റുകളിൽ അഡ്മിഷൻ ആരംഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കോന്നി, വയനാട് മെഡിക്കൽ കോളേജുകളിൽ 2023-24 അദ്ധ്യയന വർഷം എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷന നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി ആരംഭിക്കുകയും വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യലിറ്റി/ സൂപ്പർസ്പെഷ്യലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി കോഴ്സുകളുടെ സീറ്റ് എണ്ണം വർധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.കൂടാതെ പാരിപ്പള്ളി,മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ